Statement



മി. സ്പീക്കർ: ഓർഡർ...... ഓർഡർ..... ചോദ്യോത്തരവേള ആരംഭിക്കുകയാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ഞങ്ങൾ ശബരിമലയിലെ സ്വർണ്ണക്കൊള്ള വിഷയവുമായി ബന്ധപ്പെട്ട സമരത്തിലാണ്. ഞങ്ങൾ ആ സമരം തുടരുകയാണ്. ഇന്നലെ സഭയിലുണ്ടായ പ്രശ്നങ്ങളെക്കുറിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി വാസ്തവവിരുദ്ധമായ ഒരു പ്രസ്താവനയാണ് നടത്തിയത്. ഞങ്ങൾ വാച്ച് ആൻഡ് വാർഡിനെ വടി കൊണ്ടടിച്ചുവെന്ന തെറ്റായ പ്രസ്താവനയാണ് അദ്ദേഹം നടത്തിയത്. അദ്ദേഹം അത് പിൻവലിക്കണം. അതുപോലെ, ഇവിടെ കോപ്രായമാണ് നടത്തിയതെന്ന് പറഞ്ഞു. ഇവിടെ കോപ്രായം നടത്തിയത് ആരാണെന്ന് എല്ലാവർക്കും അറിയാം. കോപ്രായം നടത്തിയ ആളുകളെല്ലാം ഭരണപക്ഷത്തിരിക്കുന്നുണ്ട്. ഞങ്ങൾ ആരും ഒരു കോപ്രായവും നടത്തിയിട്ടില്ല. നിയമസഭയിൽ പ്രതിഷേധിച്ച് ബാനർ പിടിക്കുന്നത് ആദ്യമായിട്ടല്ല. ബഹുമാനപ്പെട്ട സ്പീക്കറുടെ ചേംബറിൽ പോയി ചർച്ച ചെയ്യേണ്ടത്രയും പ്രാധാന്യമുള്ള ഒരു വിഷയവും

ഇവിടെയുണ്ടായിട്ടില്ലെന്ന് അങ്ങുതന്നെ പറഞ്ഞല്ലോ? അക്രമാസക്തമായി എന്തെങ്കിലും പ്രശ്നങ്ങളുണ്ടാക്കുന്ന രീതിയിൽ ഞങ്ങളുടെ ഭാഗത്തുനിന്നും ഒരു സമീപനവും ഉണ്ടായിട്ടില്ല. പ്രതിഷേധമുണ്ടായി; സഭാനടപടികൾ സ്തംഭിപ്പിക്കാൻ വേണ്ടിയുള്ള ശ്രമം ഞങ്ങൾ നടത്തി. ഞങ്ങൾ സഭാനടപടികളുമായി സഹകരിക്കുന്നില്ലെന്ന് പറഞ്ഞുകൊണ്ടാണ് അത് ചെയ്തത്. അതിനൊരു തെറ്റായ പ്രചാരണമാണ് നടത്തുന്നത്. ചോദ്യോത്തരത്തിന്റെ പേരിൽ മന്ത്രിമാർക്ക് മൈക്ക് കിട്ടുമ്പോൾ ശ്രീമതി സോണിയാ ഗാന്ധിയെയും ശ്രീമതി പ്രിയങ്കാ ഗാന്ധിയെയും ആക്ഷേപിക്കുന്നതെല്ലാം നിയമസഭയിലെ രേഖയിൽ കിടക്കുകയാണ്. ശ്രീമതി സോണിയാ ഗാന്ധിയും ശ്രീമതി പ്രിയങ്കാ ഗാന്ധിയും പ്രിയപ്പെട്ട നേതാക്കളാണ്. ശ്രീമതി പ്രിയങ്കാ ഗാന്ധി കേരളത്തിൽ നിന്നുള്ള എം.പി. ആണ്. അവരെ അധിക്ഷേപിച്ചുകൊണ്ടുള്ള സംസാരം മന്ത്രിമാർതന്നെ മൈക്ക് കിട്ടുമ്പോൾ നടത്തുകയാണ്. ഈ പരിപാടിയുമായി ഞങ്ങൾക്ക് യോജിക്കാൻ കഴിയില്ല. ഞങ്ങൾ പൂർണ്ണമായും നിസ്സഹകരിക്കുകയാണ്. (.....ബഹളം....)

മി. സ്പീക്കർ: സഭാ സമ്മേളനം തടസ്സപ്പെടുത്തരുതെന്നാണ് ചെയർ റിക്വസ്റ്റ് ചെയ്യുന്നത്. ഡിബേറ്റിന്റെ വേദിയാണ് ഹൗസ്. അതിനുള്ള വേദിയൊരുക്കണമെന്നാണ് ഒരിക്കൽകൂടി റിക്വസ്റ്റ് ചെയ്യാനുള്ളത്. ഈ വിഷയത്തിൽ അംഗത്തിന്റെ പേര് പറയാൻ അങ്ങ് ആവശ്യപ്പെട്ടാൽ പറയാം. പേര് പറഞ്ഞാൽ അംഗത്തിനുകൂടി മോശമാകുമെന്നുള്ളതുകൊണ്ടാണ് ചെയർ പരാമർശിക്കാത്തത്. ഇന്നലെ ബാനർ കെട്ടിയ കമ്പുകൊണ്ട് വാച്ച് ആൻഡ് വാർഡിനെ തല്ലിയിട്ടുണ്ട്. ഞാൻ അംഗത്തിന്റെ പേര് പറയുന്നില്ല. അത് പറഞ്ഞാൽ ബഹുമാനപ്പെട്ട അംഗത്തിന് ക്ഷീണമാകും. അതുകൊണ്ട് ഞാൻ പേര് പറയുന്നില്ല. എന്നെക്കൊണ്ട് പേര് പറഞ്ഞേ അടങ്ങൂ എന്ന് വാശി കാണിച്ചാൽ ഞാൻ പേര് പറയാൻ നിർബന്ധിതനാകും.

ശ്രീ. വി. ഡി. സതീശൻ: സർ, അങ്ങ് പലപ്രാവശ്യം അവരോട് ചെയ്യരുത് ചെയ്യരുത് എന്ന് പരസ്യമായി വിലക്കിയിട്ടും വാച്ച് ആൻഡ് വാർഡ് അത് ചെയ്തു.

മി. സ്പീക്കർ: അംഗങ്ങൾ കൂടുതൽ ഭാഗങ്ങളിലേക്ക് പോകാൻ

പാടില്ലെന്നാണ് പറഞ്ഞത്. (.....ബഹളം.....) നോ..... നോ..... ചെയറിന്റെ നിർദേശമനുസരിച്ച് വാച്ച് ആന്റ് വാർഡ് പെരുമാറിയിട്ടുണ്ട്. ബഹുമാനപ്പെട്ട പല അംഗങ്ങളും അവരുടെ മെക്കിട്ട് കയറി സംഘർഷത്തിലേക്ക് പോകാതിരിക്കാൻ വേണ്ടിയാണ് വിത്ഡ്രോ ചെയ്യാൻ പറഞ്ഞത്.

ശ്രീ. വി. ഡി. സതീശൻ: സർ, ഒരു സംഘർഷവുമുണ്ടായിട്ടില്ല. അങ്ങ് അവരെ വിലക്കി.

മി. സ്പീക്കർ: അത് സംഘർഷം ഒഴിവാക്കാനും വാച്ച് ആന്റ് വാർഡ് പ്രകോപനം ഉണ്ടാക്കാതിരിക്കാനുമാണ്. വാച്ച് ആൻഡ് വാർഡിനെ മനഃപൂർവം പ്രകോപിപ്പിക്കാൻ ശ്രമിച്ചപ്പോൾ ചെയർ ഇടപെട്ടിട്ടുണ്ട്.

ശ്രീ. വി. ഡി. സതീശൻ: സർ, ഒരു തരത്തിലും അങ്ങനെയുള്ള വിഷയമുണ്ടായിട്ടില്ല.

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ചെയറിനെ അന്ധനാക്കരുതെന്ന് അങ്ങ് ഇന്നലെ പറഞ്ഞു. കഴിഞ്ഞ കുറെ ദിവസങ്ങളായി പ്രതിപക്ഷാംഗങ്ങൾ അക്ഷരാർഥത്തിൽ ചെയറിനെ അന്ധനാക്കുകയാണ്. ബഹുമാന്യനായ

പ്രതിപക്ഷനേതാവിനെ ആരാണ് അന്ധനാക്കിയതെന്നാണ് എനിക്ക് മനസ്സിലാകാത്തത്. ഗാന്ധാരിയെപ്പോലെ അദ്ദേഹം സ്വയം അദ്ദേഹത്തിന്റെ കണ്ണുകെട്ടി എന്നുവേണം മനസ്സിലാക്കാൻ. ഇന്നലെ ഇവിടെ നടന്ന വിഷയത്തെ മുഴുവൻ അദ്ദേഹം ഇപ്പോഴും ന്യായീകരിക്കുകയാണ്. എങ്ങനെയാണ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന് സ്വയം ന്യായീകരിച്ച് പരിഹാസ്യനാകാൻ കഴിയുന്നത്? ഇന്നലെ ഇവിടെ എന്താണ് നടന്നതെന്ന് ലോകം മുഴുവൻ കണ്ടതാണ്. ഡയസ്സിൽ ചാടിക്കയറിയ ദൃശ്യങ്ങൾ ഇന്ന് പത്രത്തിൽ വന്നിട്ടുണ്ടല്ലോ? ചാടിക്കയറിയ അംഗം ഹൈജംബിന് പോയി പണ്ടേ പരിശീലിച്ചിരുന്നെങ്കിൽ നാടിന് ഗുണമുണ്ടാകുമായിരുന്നു. അങ്ങനെയല്ലേ ചാടിക്കയറിയത്? ഇവിടെനിന്നും മുന്നിലൂടെ രണ്ട് അംഗങ്ങളാണ് ചാടിക്കയറിയത്. അതിലൊരാൾ നിയമജ്ഞനാണെന്ന് അവകാശപ്പെടുന്നുവെന്നും അത് നിയമപരമായിട്ടുള്ള ചാട്ടമായിരുന്നുവെന്നും ഇന്നലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പറഞ്ഞു.

ബഹുമാന്യനായ പ്രതിപക്ഷനേതാവ് എല്ലായ്പ്പോഴും പാർലമെന്ററി മര്യാദകളെക്കുറിച്ച് ക്ലാസെടുക്കുന്ന, 25 വർഷത്തെ പാർലമെന്ററി

അനുഭവമുള്ള ആളാണ്. അദ്ദേഹത്തെ പോലൊരാൾ ഇന്നലെ ഇവിടെ നടന്നതുമുഴുവൻ ന്യായീകരിച്ചത് മതിവരാതെ ഇപ്പോൾ വന്ന് വീണ്ടും ന്യായീകരിക്കുന്നുവെന്നുള്ളത് ഈ ലോകം മുഴുവൻ കാണട്ടെ. ഇതാണ് ഇരട്ടത്താപ്പ് എന്നുപറയുന്നത്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇട്ടത്താപ്പിന്റെ നേതാവുകൂടിയായി മാറിയിരിക്കുന്നതാണ് നമ്മൾ ഇവിടെ കാണുന്നത്. ഇവിടെ ഇന്നലെ ബഹുമാന്യരായ സോണിയാ ഗാന്ധിയെയും പ്രിയങ്കാ ഗാന്ധിയെയും ആക്ഷേപിച്ചുവെന്ന് പറഞ്ഞു. എന്ത് ആക്ഷേപമാണ് നടത്തിയത്? VB-G RAM G (The Viksit Bharat-Guarantee for Rozgar and Ajeevika Mission) ബിൽ പാസ്സാക്കിയശേഷം പ്രധാനമന്ത്രി ശ്രീ. നരേന്ദ്രമോദിയുടെകൂടെ ശ്രീമതി പ്രിയങ്കാ ഗാന്ധി ചായ കുടിച്ചുവെന്നുപറഞ്ഞത്; പറഞ്ഞതാണോ ആക്ഷേപം, കുടിച്ചതാണോ ആക്ഷേപം? അതാണ് നിങ്ങൾ ആലോചിക്കേണ്ടത്. ഉള്ള കാര്യമേ പറഞ്ഞുള്ളൂ. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സഭയ്ക്കുപുറത്ത് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയെക്കുറിച്ച് പറഞ്ഞ വാക്കുകൾപോലും ഇവിടെ ഉദ്ധരിച്ചിട്ടില്ലല്ലോ? ശ്രീമതി പ്രിയങ്കാ

ഗാന്ധിയെക്കുറിച്ച് പറഞ്ഞോ; അങ്ങേക്ക് പരിശോധിക്കാം. ഞാനടക്കമുള്ള മന്ത്രിമാർ ഇന്നലെ പറഞ്ഞ കാര്യങ്ങളിൽ പാർലമെന്ററിയല്ലാത്ത/ ഉചിതമല്ലാത്ത ഏതെങ്കിലും വാക്കുണ്ടെങ്കിൽ തിരുത്താമെന്ന് മാത്രമല്ല ഞങ്ങളെ ശാസിക്കാം. ഞങ്ങളൊന്നും അറിയാതെപോലും ഒരു മോശം വാക്ക് ഉച്ചരിക്കുന്നവരല്ല. അങ്ങനെ ശീലിച്ചവരും വളർന്നവരുമല്ല. (.....ബഹളം......)

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ശ്രീമതി സോണിയാ ഗാന്ധിയെ അധിക്ഷേപിക്കാൻ ഇവിടെ ആരും ശ്രമിക്കുന്നില്ല. യഥാർഥത്തിൽ അവരെ അധിക്ഷേപിക്കുന്നതിനുവേണ്ടി.... (.....ബഹളം......) പ്രതിപക്ഷനേതാവ് പറഞ്ഞപ്പോൾ ഞങ്ങളെല്ലാം കേട്ടിരുന്നില്ലേ?

മി. സ്പീക്കർ: പ്ലീസ്...... പ്ലീസ്...... ബഹുമാനപ്പെട്ട മിനിസ്റ്റർ അങ്ങ് അത് ignore ചെയ്തോളൂ... come to the chair. (.....ബഹളം......)

ശ്രീ. പി. രാജീവ്: സർ, ബഹുമാനപ്പെട്ട സോണിയാ ഗാന്ധിയെ തെരുവിലിട്ട് ചെണ്ട കൊട്ടുന്നതുപോലെ കൊട്ടാനുള്ള അവസരം നൽകുന്നത് പ്രതിപക്ഷനേതാവാണ്. നിങ്ങൾ വ്യക്തമാക്കേണ്ടത് സ്വർണ്ണം കട്ടയാളും

സ്വർണ്ണം വാങ്ങിയ ആളും മൂന്നാമത്തെയാളും ഒന്നിച്ച് രണ്ടുതവണ ശ്രീമതി സോണിയാ ഗാന്ധിക്കൊപ്പം നിൽക്കുന്നു. ആരാണ് ശ്രീമതി സോണിയാ ഗാന്ധിയുടെ അടുത്തേക്ക് അവരെക്കൊണ്ടുപോയതെന്ന് ബഹുമാന്യനായ പ്രതിപക്ഷനേതാവ് പറഞ്ഞാൽ ശ്രീമതി സോണിയാ ഗാന്ധിക്ക് പത്തരമാറ്റ് തിളക്കമുണ്ടാകും. ശ്രീമതി സോണിയാ ഗാന്ധിയെപ്പോലെ ഇത്രമാത്രം സെക്യൂരിറ്റിയുള്ള ഒരാളുടെ കയ്യിൽ സ്വർണ്ണത്തിന്റെ ഏലസ്, സ്വർണ്ണം മോഷ്ടിച്ച ആൾക്ക് സ്വർണ്ണം വാങ്ങിയ ആളുടെ സാന്നിധ്യത്തിൽ കെട്ടാൻ അവസരമൊരുക്കിയത് ആരാണെന്ന് പ്രതിപക്ഷനേതാവ് വ്യക്തമാക്കിയാൽ ശ്രീമതി സോണിയാ ഗാന്ധിക്ക് പത്തരമാറ്റിന്റെ തിളക്കമുണ്ടാകും. നിങ്ങൾ അവരെ തെരുവിലിട്ട് അടിക്കാൻവേണ്ടി വിട്ടുകൊടുത്തിരിക്കുന്ന പ്രതിപക്ഷമാണ്; കോൺഗ്രസ്സാണ്; അത് ബി.ജെ.പി.-യോടുള്ള താൽപര്യമാണ്. ശ്രീമതി സോണിയാ ഗാന്ധിയെക്കുറിച്ച് സുബ്രഹ്മണ്യ സ്വാമി പറഞ്ഞത് ഞങ്ങൾ ഇവിടെ പറഞ്ഞില്ലല്ലോ? ഡൽഹിയിൽ എഫ്.ഐ.ആർ. ഇടാൻ പറഞ്ഞത്, പുരാവസ്തു കച്ചവടത്തിന്റെ കാര്യം ഇതൊന്നും ഞങ്ങൾ പറഞ്ഞില്ലല്ലോ; ആര്

കൊണ്ടുപോയി? ഒരു എം.പി.-യും ഒരു യു.ഡി.എഫ്. കൺവീനറും കൊണ്ടുപോയി കെട്ടിക്കൊടുക്കുന്നു. സ്വർണ്ണം കട്ടയാൾ, വാങ്ങിയ ആൾ, മൂന്നാമത്തെ ആൾ ഒറ്റ ഫ്രയിമിലുള്ള രണ്ട് ചിത്രങ്ങൾ ശ്രീമതി സോണിയാ ഗാന്ധിക്കൊപ്പം മാത്രം. അത് വ്യക്തമാക്കട്ടെ. അതോടുകൂടി ശ്രീമതി സോണിയ ഗാന്ധിക്ക് പത്തരമാറ്റ് തിളക്കമുണ്ടാകും. നിങ്ങൾ അവരെ തെരുവിലേക്ക് വലിച്ചെറിയുന്നു.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ഞങ്ങൾക്ക് ഇരട്ടത്താപ്പാണെന്നും ഡയസ്സിലേക്ക് കയറാൻ ശ്രമിച്ചെന്നുമാണ് ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി പറഞ്ഞത്.

<u>മി. സ്പീക്കർ</u>: ഡയസ്സിൽ കയറാൻ ശ്രമിച്ചുവെന്നല്ല, കയറിക്കഴിഞ്ഞു.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, അതെ, ഡയസ്സിൽ കയറി അങ്ങയുടെ മുന്നിലിരിക്കുന്ന കമ്പ്യൂട്ടർ വലിച്ചെറിഞ്ഞതും കസേരയെടുത്ത് താഴേക്കിട്ടതുമായ ആളുകളെ കൂടെയിരുത്തിയിട്ടാണ് ഇരട്ടത്താപ്പിനെക്കുറിച്ച് പറയുന്നത്. പാർലമെന്റിനകത്തുവച്ച് ശ്രീമതി പ്രിയങ്കാ ഗാന്ധി

പ്രധാനമന്ത്രിയുടെകൂടെ ചായ കുടിച്ചുവെന്നാണ് ഇവിടെ പറഞ്ഞത്. ഡൽഹി കലാപത്തിന് വംശഹത്യക്ക് ആഹ്വാനം ചെയ്ത കേന്ദ്ര മന്ത്രി ശ്രീ. അനുരാഗ് താക്കൂറുമായി സംസാരിക്കുന്നതും അദ്ദേഹം സുഹൃത്താണെന്നും ഇങ്ങനെയൊരു സുഹൃത്തുള്ളത് അഭിമാനമാണെന്നും ഫേസ്ബുക്ക് പോസ്റ്റിട്ട മന്ത്രിയാണ് ശ്രീ. എം. ബി. രാജേഷ്. അദ്ദേഹമാണ് ശ്രീമതി പ്രിയങ്കാ ഗാന്ധി പ്രധാനമന്ത്രിയുടെകൂടെ ചായ കുടിച്ച കാര്യം പറഞ്ഞത്. തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി പറഞ്ഞത് സോണിയ ഗാന്ധിയുടെകൂടെ നിൽക്കുന്ന ചിത്രമെന്നാണ്. മുഖ്യമന്ത്രിയുടെ കൂടെ ഇയാൾ നിൽക്കുന്ന ചിത്രം കാണിച്ചുകൊടുക്കൂ...

മി. സ്പീക്കർ: യെസ്..... ചോദ്യോത്തരവേളയിലേയ്ക്ക് പോകാം.

ശ്രീ. വി. ഡി. സതീശൻ: സർ, തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സംസാരിച്ചപ്പോൾ അങ്ങ് തടസ്സപ്പെടുത്തിയില്ലല്ലോ?

മി. സ്പീക്കർ: അങ്ങ് പോയിന്റ് പറഞ്ഞല്ലോ?

ശ്രീ. വി. ഡി. സതീശൻ: സർ, ഇല്ല; ഞാൻ പറഞ്ഞുകഴിഞ്ഞില്ല.

അഞ്ചുതവണ ഒരേ കാര്യം സംസാരിച്ചപ്പോൾ അങ്ങ് തടസ്സപ്പെടുത്തിയില്ലല്ലോ?

മി. സ്പീക്കർ: അങ്ങും ഒരേ കാര്യം തന്നെയാണല്ലോ പറയുന്നത്?

ശ്രീ. വി. ഡി. സതീശൻ: സർ, അല്ല; അങ്ങ് എന്തിനാണ് ഇത്രയും അസഹിഷ്ണുത കാണിക്കുന്നത്?

മി. സ്പീക്കർ: എനിക്ക് അസഹിഷ്ണുതയില്ല.

ശ്രീ. വി. ഡി. സതീശൻ: സർ, അത്ര അസഹിഷ്ണുതയൊന്നും വേണ്ട. എനിക്കും ഇവിടെ പറയാനുള്ള അവകാശമുള്ളതാണ്. അങ്ങനെയാണെങ്കിൽ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയന്റെ കൂടെ ഉണ്ണികൃഷ്ണൻ പോറ്റി നിൽക്കുന്ന പടമുണ്ടല്ലോ? ഞങ്ങൾ അധിക്ഷേപിച്ചോ, ഞങ്ങൾ മുഖ്യമന്ത്രിയെ അധിക്ഷേപിച്ചില്ല. അത്തരം ഇരട്ടത്താപ്പ് ചെയ്യുന്നത് നിങ്ങളാണ്. ഒരു കാര്യംകൂടി പറയാനുണ്ട്. ചീഫ് ജസ്റ്റിസിനെ ഞാൻ അധിക്ഷേപിച്ചുവെന്ന് ഇന്നലെ തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി പറഞ്ഞല്ലോ? എസ്.എൻ.സി. ലാവ്‌ലിൻ കേസ് സി.ബി.ഐ.-ക്ക് വിട്ടപ്പോൾ അന്നത്തെ ചീഫ് ജസ്റ്റിസ് വി. കെ. ബാലിയെ നാട്

കടത്തണമെന്നുപറഞ്ഞ് ബാലി-കോലിയെന്നുപറഞ്ഞ് എറണാകുളത്ത് ഹൈക്കോടതിയിലേക്ക് സമരം സംഘടിപ്പിച്ച ആളാണ് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി. അതൊന്നും എന്നെക്കൊണ്ട് പറയിപ്പിക്കല്ലേ?

(പ്രതിപക്ഷാംഗങ്ങൾ ഡയസ്സിനുമുന്നിൽ വന്നുനിന്ന് ബാനറുകളും പ്ലക്കാർഡുകളും ഉയർത്തിപ്പിടിച്ച് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, അദ്ദേഹമിവിടെ വ്യക്തിപരമായ പരാമർശങ്ങളാണ് നടത്തിയത്. ഇതെന്ത് ന്യായമാണ്?

മി. സ്പീക്കർ: പ്രതിപക്ഷാംഗങ്ങൾ മറുപടി കേൾക്കാൻ തയ്യാറാകേണ്ടതല്ലേ; ഒരു ഡിബേറ്റ് ആകുമ്പോൾ ഭരണപക്ഷവും പ്രതിപക്ഷവും പറയുന്ന കാര്യങ്ങൾ കേൾക്കേണ്ടതല്ലേ? അങ്ങയുടെ അംഗങ്ങളോട് മിണ്ടാതിരിക്കാൻ പറയൂ. ബഹുമാനപ്പെട്ട മന്ത്രി സംസാരിച്ചോളൂ.

<u>ശ്രീ. എം. ബി. രാജേഷ്</u>: സർ, ഞാൻ ശ്രീ. അനുരാഗ് താക്കൂറിനെ കെട്ടിപ്പിടിച്ച് നിൽക്കുന്ന ചിത്രമുണ്ടെന്ന് ബഹുമാന്യനായ പ്രതിപക്ഷ നേതാവ് പറഞ്ഞു. കെട്ടിപ്പിടുത്തം നടത്തിയത് ഞാനല്ല; ശ്രീ. രാഹുൽ ഗാന്ധിയാണ് ശ്രീ. നരേന്ദ്ര മോദിയെ കെട്ടിപ്പിടിച്ചത്. അത് പാർലമെന്റിൽ നമ്മളെല്ലാവരും കണ്ടതാണ്. ആ കെട്ടിപ്പിടുത്തം എന്റെ നേരെ ആരോപിക്കരുത്. ഗുജറാത്തിൽ വംശഹത്യ നടക്കുമ്പോൾ മുഖ്യമന്ത്രിയായിരുന്ന ആളെ കെട്ടിപ്പിടിച്ചത് പ്രതിപക്ഷനേതാവിന്റെ നേതാവായ ശ്രീ. രാഹുൽ ഗാന്ധിയാണ്. ശ്രീ. അനുരാഗ് താക്കൂറും ശ്രീ. രാഹുൽ ഗാന്ധിയും ഞാനുമെല്ലാം പാർലമെന്റിൽ ഒരേ സമയത്തുണ്ടായിരുന്നവരാണ്. ചിത്രമാണ് പ്രശ്നമെങ്കിൽ, ശ്രീ. രാഹുൽ ഗാന്ധിയോടൊപ്പമുള്ള ചിത്രം എത്രയോ തവണ ഫേസ്ബുക്കിൽ പോസ്റ്റ് ചെയ്തിട്ടുണ്ട്. അങ്ങയുടെ കൂടെയുള്ള ചിത്രവും പോസ്റ്റ് ചെയ്തിട്ടില്ലേ? മാധവ സദാശിവ ഗോൾവൽക്കറുടെ ചിത്രത്തിനുമുമ്പിൽ വിളക്ക് കൊളുത്തിയ ആളാണ് എന്നതുകൊണ്ട് അങ്ങയുടെകൂടെ ഫോട്ടോയെടുക്കില്ലെന്ന് പറയാൻ കഴിയുമോ; അങ്ങനെയൊരു ഫോട്ടോയെടുത്താൽ അത് ഫേസ്ബുക്കിൽ

പോസ്റ്റ് ചെയ്യില്ലെന്ന് പറയാൻ കഴിയുമോ? രാഷ്ട്രീയമായ നിലപാട് വേറെയാണ്. അങ്ങ് ഗോൾവൽക്കർ ചിത്രത്തിന് മുമ്പിൽ വളഞ്ഞുനിന്ന് വിളക്കുകൊളുത്തി വണങ്ങിയതിനെ ഞങ്ങൾ നിശിതമായി വിമർശിക്കും. പക്ഷേ അങ്ങയുമായി വ്യക്തിപരമായി എന്ത് വിരോധമാണുള്ളത്? അങ്ങയുമായി രാഷ്ട്രീയമായ എതിർപ്പ് മാത്രമാണുള്ളത്. വിമർശനം രാഷ്ട്രീയമാണ്. രാഷ്ട്രീയ പാപ്പരത്തംകൊണ്ടാണ് വ്യക്തിപരമായ ആക്ഷേപങ്ങൾ ഉയർത്താൻ അദ്ദേഹം ശ്രമിക്കുന്നത്; അതാണ് ഞാൻ പറഞ്ഞത്. ഇന്നലെ ഞങ്ങൾ ശ്രീമതി പ്രിയങ്കാ ഗാന്ധിയെക്കുറിച്ചോ ശ്രീമതി സോണിയാ ഗാന്ധിയെക്കുറിച്ചോ പറഞ്ഞതിൽ ഏത് വാക്കാണ് അധിക്ഷേപകരമെന്ന് ബഹുമാന്യനായ പ്രതിപക്ഷ നേതാവ് ഈ സഭയിൽ പറയണം. അത് എന്താണെന്ന് അറിഞ്ഞാൽ തിരുത്താമല്ലോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, പ്രതിപക്ഷനേതാവിന് സമനില തെറ്റിയെന്നാണ് തോന്നുന്നത്. എന്റെ വകുപ്പൊന്നും മാറ്റരുത്; തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി ഇവിടെത്തന്നെയുണ്ട്. അങ്ങേക്ക്

പെട്ടെന്ന് നില തെറ്റിപ്പോയി. മുമ്പ് എല്ലാം ആധികാരികമായി സംസാരിച്ചിരുന്ന ആൾ എവിടെ നിൽക്കുന്നുവെന്നതിന് തെളിവാണിത്. അദ്ദേഹം പറഞ്ഞ ഒരു കാര്യം, ശ്രീ. ഉണ്ണികൃഷ്ണൻ പോറ്റി ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കൊപ്പമുള്ള ചിത്രമുണ്ടല്ലോ, ഞങ്ങൾ പറഞ്ഞില്ലല്ലോ; അങ്ങയെപ്പോലെ ഇത്രയും അറിവും ആധികാരികതയും വായനയും പരിചയസമ്പത്തുമുള്ള ഒരാൾ പറയാവുന്ന താരതമ്യമാണോ അത്; സെക്രട്ടേറിയറ്റിന് മുമ്പിൽ ഒരു പരിപാടിയുടെ ഉദ്ഘാടനച്ചടങ്ങിനിടെയുള്ള ആ ചിത്രത്തിന്റെ യാഥാർഥ്യം വീഡിയോ ദൃശ്യങ്ങളിലൂടെ മാധ്യമങ്ങൾ പുറത്തുകൊണ്ടുവന്നില്ലേ? ബഹുമാനപ്പെട്ട മുഖ്യമന്ത്രി പരിപാടി കഴിഞ്ഞ് വരുന്നു, അവിടെ നിൽക്കുന്നു; കാറിന്റെ മുമ്പിൽ ശ്രീ. ഉണ്ണികൃഷ്ണൻ പോറ്റി നിൽക്കുന്നു, മുഖ്യമന്ത്രി അദ്ദേഹത്തോട് കൈകൊണ്ട് മാറിനിൽക്കാൻ കാണിക്കുന്നു, കാറിൽ കയറി പോകുന്നു - ഇതല്ലേ യഥാർഥത്തിൽ നടന്നത്? ശ്രീമതി സോണിയാ ഗാന്ധിയുടെ വീട്ടിലേക്ക് അങ്ങേക്ക് നേരിട്ട് കയറിച്ചെല്ലാൻ കഴിയുമോ? ഡോ. ശശി തരൂർ എത്രനാൾ കാത്തുനിന്നിട്ടും അങ്ങനെ കയറിച്ചെല്ലാൻ കഴിഞ്ഞിട്ടുണ്ടോ; ശ്രീ. ഗുലാം നബി ആസാദിന്

അതിന് സാധിക്കാത്തതുകൊണ്ടല്ലേ അദ്ദേഹം പാർട്ടി വിട്ടുപോയത്; എത്ര മുഖ്യമന്ത്രിമാർ ശ്രീമതി സോണിയാ ഗാന്ധിയുടെ അപ്പോയിന്റ്മെന്റ് കിട്ടാതെ പാർട്ടി വിട്ടുപോയി? ലീഡർ കെ. കരുണാകരന് അപ്പോയിന്റ്മെന്റ് കിട്ടിയോ; ജി. കെ. മൂപ്പനാർക്ക് കിട്ടിയോ? സ്വർണ്ണം കട്ടവൻ, കട്ട സ്വർണ്ണം വാങ്ങിയവൻ, അത് ഉരുക്കിയെടുത്തവൻ എന്നിവരെയൊക്കെ എങ്ങനെ ശ്രീമതി സോണിയാ ഗാന്ധിയുടെ അടുത്തേക്ക് എത്തിച്ചുവെന്ന് അങ്ങ് പറഞ്ഞാൽ ശ്രീമതി സോണിയാ ഗാന്ധിക്ക് പത്തര മാറ്റിന്റെ തിളക്കം കിട്ടും. ഇപ്പോൾ അദ്ദേഹം അതിന് മറുപടി പറയാതിരിക്കുമ്പോൾ, ശ്രീമതി സോണിയാ ഗാന്ധിയെ ഇരുട്ടിൽ നിർത്തുന്ന പ്രതിപക്ഷ നേതാവ് ബി.ജെ.പി.-യുടെ നാവായി മാറിയിരിക്കുന്നുവെന്ന് പറയാൻ സാധിക്കും. ഓരോ ദിവസവും എങ്ങനെയാണ് അദ്ദേഹം ഇത്തരത്തിൽ വസ്തുതാവിരുദ്ധമായ കാര്യങ്ങൾ പറയുന്നത്? ഇന്നലെ, ഇവിടെ തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിയല്ല, നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രിയെന്നുള്ള നിലയിൽ ഞാൻ അങ്ങ് ബഹുമാനപ്പെട്ട ഹൈക്കോടതി ചീഫ് ജസ്റ്റിസിനെക്കുറിച്ച് പറഞ്ഞ കാര്യം

പറഞ്ഞു. തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി മാർച്ച് നടത്തിയ കാര്യം അങ്ങ് പറഞ്ഞു. നിയമസഭയ്ക്കകത്തും പുറത്തും രേഖകളുടെ അടിസ്ഥാനത്തിൽ നമുക്ക് ചർച്ച ചെയ്യാം. അതിന് ഞാൻ അങ്ങയെ വെല്ലുവിളിക്കുന്നു. പക്ഷേ അങ്ങേക്ക് ജനതാൽപര്യമല്ല; പബ്ലിസിറ്റിയാണ് ആവശ്യം. "ഞാൻ... ഞാൻ... ഞാൻ.." എന്ന ഒറ്റ വികാരത്തിന് അടിപ്പെട്ട് നിലതെറ്റിയ അവസ്ഥയിലേക്ക് കേരളത്തിലെ പ്രതിപക്ഷ നേതാവ് മാറുന്നുവെന്നുള്ളത് അങ്ങേയറ്റം ദുഃഖകരമാണെന്ന് മാത്രമേ എനിക്ക് സൂചിപ്പിക്കാനുള്ളൂ. (....ബഹളം...)

മി. സ്പീക്കർ: പ്ലീസ്.. പ്ലീസ്.. ചോദ്യോത്തരവേള നടത്താൻ അനുവദിക്കണം.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, വളരെ പ്രധാനപ്പെട്ട ചില കാര്യങ്ങൾ മാത്രം ഞാനിവിടെ സൂചിപ്പിക്കാം. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന് എന്ത് സംഭവിച്ചെന്ന് എനിക്കറിയില്ല. കഴിഞ്ഞയാഴ്ച ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും ഞാനും ഒരു ട്രേഡ് യൂണിയൻ കോൺഫറൻസിൽ പങ്കെടുക്കവെ, "ഞാൻ

ശ്രീ. വി. ശിവൻകുട്ടിക്കെതിരെ ആഞ്ഞടിച്ചിട്ടുണ്ട്" എന്ന് അദ്ദേഹം പറഞ്ഞു. "ഞാനും ഇനിയത് മനസ്സിലാക്കിയിട്ട് ആഞ്ഞടിക്കാം" എന്ന് തിരിച്ച് അദ്ദേഹത്തോട് പറഞ്ഞു. തിരുവനന്തപുരത്ത് സെക്രട്ടേറിയറ്റിനുമുന്നിൽ യു.ഡി.എഫ്.-ന്റെയോ കോൺഗ്രസിന്റെയോ ഒരു ധർണ്ണയുണ്ടായിരുന്നു. ബഹുമാനപ്പെട്ട സ്പീക്കറാണ് എനിക്ക് സഭയ്ക്ക് അകത്തും പുറത്തും സംരക്ഷണം നൽകേണ്ടത്. ഈ സഭയിൽ പറയാൻ കഴിയാത്ത തരത്തിൽ, എന്നെക്കുറിച്ച് വളരെ തരംതാഴ്ന്ന വാക്കുകൾ ഉപയോഗിച്ചുകൊണ്ട് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ആ ധർണ്ണയിൽ പ്രസംഗിക്കാൻ തയ്യാറായി. ഈ സഭയിലിരിക്കുന്ന ഏതെങ്കിലും മന്ത്രിമാർ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ശ്രീ. വി. ഡി. സതീശനെയോ പ്രതിപക്ഷ ഉപനേതാവ് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയെയോ ശ്രീ. പി. ജെ. ജോസഫിനെയോ കുറിച്ച് എന്തെങ്കിലും ബുദ്ധിമുട്ടുണ്ടാക്കുന്ന രീതിയിലുള്ള വാക്കുകൾ ഉപയോഗിച്ചിട്ടുണ്ടോ? ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഇത്തരത്തിൽ എനിക്കെതിരെ മോശമായ വാക്കുകൾ സംസാരിച്ചതിനുശേഷം, താൻ അത്തരമൊരു വാക്കും പറഞ്ഞിട്ടില്ലെന്ന് ഈ സഭയിൽ  പച്ചക്കള്ളം പറഞ്ഞു.

ഈ സഭയിൽ ബഹുമാന്യരായ മുഖ്യമന്ത്രിയെയും ധനകാര്യ വകുപ്പുമന്ത്രിയെയും നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രിയെയും ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രിയെയും ആക്ഷേപിക്കുന്നു. പ്രതിപക്ഷ നേതാവിന് എല്ലാവരോടും പുച്ഛമാണ്. (...ബഹളം...) ഇന്നലെ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന്റെ മുറിയിലിരുന്ന് നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ, ബഹുമാനപ്പെട്ട സ്പീക്കറെ ആക്രമിക്കണമെന്ന ലക്ഷ്യത്തോടെയാണ് ഇന്നലത്തെ സമരം നടന്നത്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ആ കസേരയിൽ ഇരുന്നുകൊണ്ട് ഓരോ അഞ്ച് മിനിറ്റ് കഴിയുമ്പോഴും സമരത്തിന്റെ വീര്യം വർധിപ്പിക്കുന്നതിനുള്ള നിർദേശം നൽകിക്കൊണ്ടിരിക്കുകയാണ്. ഇത് അദ്ദേഹത്തിന്റെ വ്യക്തിപരമായ അഭിപ്രായമല്ല, ഏതോ ഒരു കനഗോലു ആസൂത്രണം ചെയ്തുകൊടുത്ത സമരമാണിത്. ആ കനഗോലുവിന്റെ അഭിപ്രായമാണ് ഇവിടെ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറയുന്നത്. ഇന്നലെ സ്പീക്കറുടെ ചേംബറിലേക്ക് ചാടിക്കയറി അങ്ങയെ ആക്രമിക്കാൻ വന്നതും വാച്ച് ആൻഡ് വാർഡിനെ ആക്രമിച്ചതും ശരിയാണെന്നാണ് അദ്ദേഹം പറയുന്നത്?

ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇക്കാര്യത്തിൽ എതിർപ്പ് രേഖപ്പെടുത്തിയിട്ടുണ്ട്. അങ്ങനെ എല്ലാ തോന്ന്യവാസങ്ങളെയും ന്യായീകരിക്കുന്ന ഒരു വ്യക്തിത്വത്തിന് ഉടമയായി പ്രതിപക്ഷ നേതാവ് മാറിയിരിക്കുന്നുവെന്നുള്ള കാര്യം ഞാനിവിടെ സൂചിപ്പിക്കുകയാണ്.

മി. സ്പീക്കർ: ചോദ്യോത്തരവേള നടത്താൻ അനുവദിക്കണം പ്ലീസ്...

ശ്രീ. വി. ശിവൻകുട്ടി: സർ, ഒരു കാര്യംകൂടി പറഞ്ഞവസാനിപ്പിക്കാം. ഒന്നാം പിണറായി സർക്കാരിന്റെ കാലാവധി പൂർത്തിയായി തിരഞ്ഞെടുപ്പ് കഴിഞ്ഞ ഘട്ടത്തിൽ ബഹുമാനപ്പെട്ട പ്രതിപക്ഷം വകുപ്പ് തിരിച്ച് ഓരോ മന്ത്രിമാരെയും മുൻകൂട്ടി നിശ്ചയിച്ചിരുന്നു. എന്നാൽ രണ്ടാം പിണറായി സർക്കാർ അധികാരത്തിൽ വന്നപ്പോൾ അങ്ങനെ നിശ്ചയിച്ചതുപോലെ ആർക്കും മന്ത്രിയാകാൻ സാധിച്ചില്ല. ഇത്തവണയും അദ്ദേഹം മുഖ്യമന്ത്രിയാകുന്നതിനുവേണ്ടി പഠിച്ചുകൊണ്ടിരിക്കുകയാണ്. ഒന്നും രണ്ടും പിണറായി സർക്കാരുകൾ അധികാരത്തിൽ വന്നു. മൂന്നാമതും പിണറായി സർക്കാർതന്നെ അധികാരത്തിൽ വരുമെന്ന കാര്യത്തിൽ സംശയമില്ല. അതുകൊണ്ട് അനാവശ്യമായ വിരട്ടലുകളൊന്നും ഞങ്ങളോട് വേണ്ട.

(...ബഹളം...) ഞങ്ങൾ ചില കാര്യങ്ങൾകൂടി ഇവിടെ പറഞ്ഞാൽ പ്രതിപക്ഷത്തുള്ള പലരും മുണ്ട് തലയിലിട്ടുകൊണ്ട് ഇവിടെനിന്ന് പോകേണ്ടിവരുമെന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല. (...ബഹളം...)

മി. സ്പീക്കർ: പ്ലീസ്..... ചോദ്യോത്തരവേളയോട് സഹകരിക്കണം.

ധനകാര്യ വകുപ്പുമന്ത്രി(ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, എനിക്ക് പറയാനുള്ളത്, ഇത് വളരെ പ്രധാനപ്പെട്ടൊരു സെഷനായ ബജറ്റ് സെഷനാണ്. ഇതുകഴിഞ്ഞാൽ പ്രതിപക്ഷം ബഹളം വയ്ക്കാനും ഇറങ്ങിപ്പോകാനും നിൽക്കുകയാണ്. കേരളത്തെ സംബന്ധിച്ച് അടുത്ത വർഷക്കാലത്തേക്കുള്ള ബജറ്റ് ചർച്ച ചെയ്യാൻവേണ്ടി അവർ തയ്യാറാകുന്നില്ല. അതുപോലെ ഈ സമയത്ത് ഈ സഭയിൽ ഏറ്റവും പ്രധാനമായി ചർച്ച ചെയ്യേണ്ട രണ്ട് വിഷയങ്ങൾ കേന്ദ്ര ബജറ്റിനെ സംബന്ധിച്ച പരാമർശവും ഇന്നലെ കേന്ദ്ര ഗവൺമെന്റ് അമേരിക്കയുമായി ഒപ്പുവച്ച free trade-മാണ്. പത്ത് ലക്ഷം വരുന്ന ക്ഷീര കർഷകർക്ക് പാലിന്റെ വില പകുതിയാകുന്ന, മറ്റു മേഖലകളിൽ വിലയിടിയുന്ന, ഇന്ത്യയുടെ മത്സ്യമേഖലയിലും മറ്റ് മേഖലകളിലുമെല്ലാം കേരളത്തെ തകർക്കുന്ന അമേരിക്കൻ പ്രസിഡന്റ്

ട്രംപിന്റെ കരാറിൽ നമ്മുടെ പ്രധാനമന്ത്രി ഒപ്പിട്ടിരിക്കുകയാണ്. അതിനെപ്പറ്റിയൊന്നും പറയാതെ മനഃപൂർവം ചർച്ചയിൽ പങ്കെടുക്കാതിരിക്കുകയാണിവർ. ധനകാര്യ വകുപ്പുമന്ത്രിയെന്ന നിലയിൽ ബജറ്റ് അവതരിപ്പിച്ചതിനുശേഷം പ്രതിപക്ഷം ഉന്നയിച്ച കാര്യങ്ങൾക്ക് മറുപടി പറയാൻ തയ്യാറായിരിക്കുന്നവരാണ് ഞങ്ങൾ. അതൊക്കെ ചർച്ച ചെയ്യേണ്ടതാണ്. എന്നാൽ അതിനെപ്പറ്റി ചർച്ച ചെയ്യാൻ ധൈര്യമില്ലാത്തവരാണിവർ എന്നുതന്നെ ഞാൻ പറയും. കാരണം അദ്ദേഹം പത്രസമ്മേളനം നടത്തി പറഞ്ഞു, ഒരു ധവളപത്രം ഇറക്കണമെന്ന്. ധവളപത്രം ഇറക്കണ്ട; ഇവിടെ ബജറ്റ് ചർച്ച ചെയ്യാൻപോലും തയ്യാറാകുന്നില്ല. എന്നുമാത്രമല്ല പ്രതിപക്ഷനേതാവ് മറ്റൊരു പ്രധാനപ്പെട്ട അംഗത്തിനും ഇതിനെപ്പറ്റി ചർച്ച ചെയ്യാൻ അവസരം കൊടുക്കാതെ മുഴുവൻ കാര്യങ്ങളും സ്വന്തമായി കേന്ദ്രീകരിച്ച് ആരെയും ചർച്ചയ്ക്ക് സമ്മതിക്കാത്ത തരത്തിലേക്കാണ് പൊയ്ക്കൊണ്ടിരിക്കുന്നത്. ഇവിടെ നല്ലതുപോലെ പഠിച്ച് സംസാരിക്കുന്ന പല അംഗങ്ങളുമുണ്ടല്ലോ? ഒരു ബജറ്റിനെക്കുറിച്ച് ചർച്ച ചെയ്യാതെ പ്രതിപക്ഷം സഭ ബഹിഷ്കരിച്ചുപോകുന്നത് ആദ്യമായാണ്. ഇത്

ആരും ചർച്ച ചെയ്യേണ്ട എന്ന സമീപനമാണിത്. ഇന്നലെ ആ മഹത്തായ, നിയമപരമായ ചാട്ടം കാണാൻ എനിക്ക് അവസരം ലഭിച്ചു. കാരണം, ബജറ്റ് സംബന്ധിച്ച പേപ്പർ പരിശോധിച്ചുകൊണ്ട് ഞാൻ സഭയിലുണ്ടായിരുന്നു. നിയമപരമായ ചാട്ടവും അല്ലാത്ത ചാട്ടവും നിയമപരമായി വടിയെടുത്ത് വാച്ച് & വാർഡിനെ അടിക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങൾ ചെയ്തിട്ട് ഇവിടെ നിന്ന് ന്യായീകരിക്കുകയാണ്. ഇത് അങ്ങേയറ്റം ലജ്ജാകരമാണ്. ബഹുമാനപ്പെട്ട സോണിയാ ഗാന്ധിയെ അപമാനിക്കാൻതന്നെയാണ് മനഃപൂർവം അവർ ഈ വിഷയം ഇവിടെ കൊണ്ടുവന്നിരിക്കുന്നത്. എല്ലാവർക്കും ഇക്കാര്യങ്ങളൊക്കെ അറിയാം. നമ്മുടെ കേരളത്തിലെ പ്രതിപക്ഷനേതാവായാലും മുഖ്യമന്ത്രിയായാലും മന്ത്രിമാരായാലും ഏതൊരാൾ വന്നാലും ഒരാൾക്ക് ഫോട്ടോ എടുക്കാൻ നിന്നുകൊടുക്കും, നിൽക്കാതിരിക്കില്ല. പക്ഷെ കെ. കരുണാകരനെപ്പോലുള്ള ആളെപ്പോലും കടത്തിവിടാത്ത, ശ്രീ. ശശി തരൂരിന് കൈ കൊടുക്കാത്ത, പല പല കാര്യങ്ങളുള്ള ശ്രീമതി സോണിയാ ഗാന്ധിയുടെ അടുത്ത് ബല്ലാരിയിൽനിന്നുള്ള ഒരു സ്വർണ്ണ വ്യാപാരിയും ഇവിടെയുള്ള

ആരോപണവിധേയരായ ആളുകളും അവരുടെ വീടിനകത്ത് പോകുകയും കൂടെ നിന്ന് ഫോട്ടോ എടുക്കുകയും ചെയ്യുമ്പോൾ അതിലെന്തോ ഉദ്ദേശ്യമുണ്ട്. ബജറ്റ് സംബന്ധിച്ച കാര്യങ്ങൾ പ്രതിപക്ഷം ചർച്ച ചെയ്യാത്തത് കേരളത്തിലെ ജനങ്ങളോടുള്ള വെല്ലുവിളിയാണ്, അവരെ അപമാനിക്കുന്നതിന് തുല്യമാണ്, പ്രതിപക്ഷം ഈ നാടിനോട് ചെയ്യുന്നത് തെറ്റാണ്. (.....ബഹളം....)

മി. സ്പീക്കർ: പ്ലീസ്.... പ്ലീസ്.... ബഹുമാനപ്പെട്ട മിനിസ്റ്റർ....

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഇതൊരു വളരെ പ്രധാനപ്പെട്ട പ്രശ്നമാണ്. കേരളം 29 ആവശ്യങ്ങളുന്നയിച്ചിട്ടും ആമയെ കൊടുത്തുവിട്ട കേന്ദ്ര ഗവൺമെന്റിന്റെ നിലപാടിനോട് പ്രതിപക്ഷത്തിന്റെ നിലപാട് എന്താണെന്ന് പറയട്ടെ; ഇന്നത്തെ പ്രശ്നമെന്താണ്? ചട്ടം 118 അനുസരിച്ച് കേന്ദ്ര ഗവൺമെന്റിന്റെ കേരളത്തോടുള്ള നിലപാടിനെതിരെ ഒരു പ്രമേയം ഈ സഭ പാസ്സാക്കാൻ നിൽക്കുമ്പോൾ അതിനോടുള്ള അഭിപ്രായമാണോ കേരളത്തിലെ പ്രതിപക്ഷം കാണിക്കുന്നത്? ഇതൊരു പ്രതിപക്ഷ നിലപാടല്ല. കേരളത്തിലേക്ക് ആമയെ കൊടുത്തയച്ച കേന്ദ്ര

ഗവൺമെന്റിനോട് ശ്രീ. സുനിൽ കനഗോലു പറഞ്ഞതനുസരിച്ചുള്ള ഐക്യപ്പെടലാണ് ഇന്ന് നടക്കുന്ന ഈ രാഷ്ട്രീയ നാടകത്തിന് പിന്നിൽ. ഡൽഹിയിലെ ജനപഥ് റോഡിലെ പത്താം നമ്പർ വീട്ടിലേക്ക് കടന്നുപോയ ഒരാളുടെ പടവും ആംബുലൻസ് കൈമാറുമ്പോൾ എടുത്തൊരു പടവും തമ്മിൽ കൂട്ടിയോജിപ്പിച്ച് താരതമ്യം നടത്താൻ പറ്റുമോ? കേരളത്തിന് കേന്ദ്ര ഗവൺമെന്റിനോട് ശക്തമായ പ്രതിഷേധമുണ്ട്. (മൈക്ക് ഓഫ്). ...(ബഹളം)...